(ഡി&ഇ) പതിമൂന്ന് റോഡ് പ്രവൃത്തികൾക്ക് 5-3-2014-ലെ സ.ഉ.(സാധാ) നമ്പർ 671/2014/ത.സ്വ.ഭ.വ. 672/14/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ പ്രകാരമാണ് ഭരണാനുമതി നൽകിയിരുന്നത്. ധനകാര്യ വകുപ്പിൽനിന്നും ധനാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ യഥാക്രമം 4515-00-800-96 projects under LAC-ADS (NP), 5054-03-337-94 projects under LAC-ADS (NP) എന്നീ ശീർഷകങ്ങളിൽ നിന്നും എസ്റ്റിമേറ്റ് ചെലവ് വഹിക്കാനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് 4515-00-800-96 projects under LAC-ADS (NP) എന്ന ശീർഷകത്തിൽനിന്നു മാത്രമേ ഇക അനുവദിക്കുവാൻ നിർവ്വാഹമുള്ളുവെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ 1-12-2014-ലെ ഇ 2/11907/14/സി.ഇ./തസ്വഭവ. കത്ത് മുഖേന അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 5054-03-337-94 projects under LAC-ADS (NP) എന്ന ശീർഷകം തിരുത്തി 1-12-2014-ലെ സ.ഉ.(സാധാ) നമ്പർ 3154/14/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഫണ്ട് അനുവദിക്കുന്നതിനാവശ്യമായ റിക്വസിഷൻ ഫോം അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമവികസന വകുപ്പിലെ ബി.ഡി.ഒ. തസ്തിക

69 (1505) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പിലെ ബി.ഡി.ഒ. തസ്തികയിലേക്ക് ഏതെല്ലാം തരത്തിലാണ് നിയമനം നടത്തുന്നത് ;

(ബി) ഇതിന്റെ റേഷ്യോ എത്രയാണ് ;

(സി) വകുപ്പിലെ ജീവനക്കാർക്ക് പ്രൊമോഷനിലൂടെ എത്ര ശതമാനമാണ് ബി.ഡി.ഒ. തസ്തികയിലേക്ക് നിയമനം നൽകുന്നത് ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് ഏതെല്ലാം വകുപ്പിൽ നിന്നാണ് ട്രൈബ്യൂണൽ നിയമനം ലഭിക്കുന്നത് ;

(ഇ) ഗ്രാമവികസന വകുപ്പിലെ യോഗ്യരായ ഉദ്യോഗസ്ഥർക്ക് പ്രസ്തുത തസ്തികയിലേക്ക് ട്രൈബ്യൂണലിലൂടെ നിയമനം നൽകുന്നുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ അതിന് നടപടി എടുക്കുമോ ; വിശദമാക്കുമോ ; അടുത്ത മന്ത്രിസഭാ പരിഷ്കരണത്തോടെ ഇതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇതുസംബന്ധിച്ച 16-2-2011-ലെ സ്പെഷ്യൽ റൂൾ ജി.ഒ.(പി) നമ്പർ 44/2011/എൽ.എസ്.ജി.ഡി. പ്രകാരം.

1. തസ്തികമാറ്റംവഴി സ്ഥാനക്കയറ്റത്തിലൂടെ വകുപ്പിലെ ജോയിന്റ് ബി.ഡി.ഒ.-മാരിൽ നിന്നും ഡി.പി.സി.(ലോവർ) തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിലെ സീനിയോറിറ്റി അടിസ്ഥാനത്തിൽ ;

2. തസ്തികമാറ്റംവഴി സ്ഥാനക്കയറ്റത്തിലൂടെ വകുപ്പിലെ ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്കുമാരിൽനിന്നും ഡി.പി.സി.(ലോവർ) തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിലെ സീനിയോറിറ്റി അടിസ്ഥാനത്തിൽ ;

3. തസ്തികമാറ്റംവഴി പി.എസ്.സി. റിക്രൂട്ട്മെന്റിലൂടെ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്, ധനകാര്യ വകുപ്പ്, നിയമസഭാ സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ സെലക്ഷൻ ഗ്രേഡും സീനിയർ ഗ്രേഡും അസിസ്റ്റന്റുമാർ, നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാർ എന്നിവരിൽ നിന്നുള്ള നിയമനം ;

4. പി.എസ്.സി. റിക്രൂട്ട്മെന്റിലൂടെ നേരിട്ടുള്ള നിയമനം, എന്നിവയാണ് ബി.ഡി.ഒ. തസ്തികയിലേക്കുള്ള നിയമന രീതികൾ.

(ബി) 1. $33^{1/3}$ %

2. 8%

3. $25^{1/3}$%

4. $33^{1/3}$%

(സി) ജോയിന്റ് ബി.ഡി.ഒ.-മാരിൽ നിന്നും $33^{1/3}$ ശതമാനവും ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്കുമാരിൽനിന്നും 8 ശതമാനവും തസ്തികമാറ്റംവഴി സ്ഥാനക്കയറ്റം. ആകെ-$41^{1/3}$%

(ഡി) ഗ്രാമവികസന വകുപ്പിലെ ജോയിന്റ് ബി.ഡി.ഒ.-മാരിൽനിന്നും ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്കുമാരിൽനിന്നും അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റ്, ധനകാര്യ വകുപ്പ്, നിയമസഭാ സെക്രട്ടേറിയറ്റ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, അഡ്വക്കേറ്റ്

ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ സെലക്ഷൻ ഗ്രേഡും സീനിയർ ഗ്രേഡും അസിസ്റ്റന്റുമാർ, നിയമ വകുപ്പിലെ ലീഗൽ അസിസ്റ്റന്റുമാർ എന്നിവരിൽ നിന്നുമാണ് ബി.ഡി.ഒ. തസ്തികയിലേക്ക് ഡൈറക്ടർസ്റ്റർ നിയമനം ലഭിക്കുന്നത്.

(ഇ) ഇതുസംബന്ധിച്ച 16-2-2011-ലെ സ്പെഷ്യൽ റൂൾ ജി.ഒ.(പി)നമ്പർ 44/2011/എൽ.എസ്.ജി.ഡി. അനുസരിച്ച് മുകളിൽ കൊടുത്ത രീതിയിൽ നൽകുന്നുണ്ട്.

(എഫ്) ബാധകമല്ല.

മിഷൻ 676-ഗ്രാമീണ മേഖലയിൽ വികസന മുന്നേറ്റ പദ്ധതി

70 (1506) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ വികസന മുന്നേറ്റത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻവഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(സി) മിഷൻ 676 -ൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികളായ പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇന്ദിര ആവാസ് യോജന എന്നിവ നിലവിൽ വകുപ്പുവഴി നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. ഇത് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly